"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉ.ഭ.പ.വ - സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി വിജയകരമായി പൂർത്തീകരിക്കുന്ന വിദ്യാർത്ഥികൾക്ക് കേരള പബ്ലിക് സർവീസ് കമ്മീഷൻ വഴിയുള്ള യൂണിഫോം സർവീസുകളിലെ നിയമനത്തിന് വെയിറ്റേജ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ്

സ.ഉ.(കൈ) നം.6/2025/P&ARD      തീയതി,തിരുവനന്തപുരം, 01-03-2025

---

പരാമർശം:-

1. സംസ്ഥാന പോലീസ് മേധാവിയുടെ 01/04/2016 തീയതിയിലെ No.35/SPCSECTT/PHQ/2013 നമ്പർ കത്ത്.
2. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുമായി ബന്ധപ്പെട്ട് 06.08.2019-ന് ബഹു.മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിന്റെ മിനിട്ട്സ്.
3. സംസ്ഥാന പോലീസ് മേധാവിയുടെ 24/07/2020 തീയതിയിലെ No.C6-91562/2020/PHQ നമ്പർ കത്ത്.
4. കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 16/11/2024 തീയതിയിലെ A5-2/15/2024-KPSC നമ്പർ കത്ത്.

**ഉത്തരവ്**

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പരിശീലനം വിജയകരമായി പൂർത്തീകരിക്കുന്ന കേഡറ്റുകൾക്ക് യൂണിഫോം സർവീസുകളിൽ പി.എസ്.സി നടത്തുന്ന എഴുത്തു പരീക്ഷയിൽ 5% വെയിറ്റേജ് മാർക്ക് അനുവദിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി പരാമർശം(1) പ്രകാരം സർക്കാരിൽ ശിപാർശ നൽകിയിരുന്നു. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുമായി ബന്ധപ്പെട്ട് 06.08.2019-ന് ബഹു.മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി വിജയകരമായി പൂർത്തീകരിക്കുന്ന കേഡറ്റുകൾക്ക് പി.എസ്.സി മുഖേന നടത്തുന്ന യൂണിഫോം സർവീസുകളായ ഫോറസ്റ്റ്, എക്സൈസ്, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് മുതലായവയിലേക്കുള്ള റിക്രൂട്ട്മെന്റിന് വെയിറ്റേജ് നൽകുന്നതിന്റെ സാധ്യത പരിശോധിക്കുവാൻ സംസ്ഥാന പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിരുന്നു. തുടർന്ന് സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് നൽകിയ രണ്ട് വർഷത്തെ പരിശീലനവും സമൂഹത്തിന് അവർ നൽകിയ മാതൃകാപരമായ സേവനങ്ങളും കണക്കിലെടുക്കുമ്പോൾ, യൂണിഫോം സർവീസുകളിലേക്കുള്ള റിക്രൂട്ട്മെന്റുകളിൽ വെയിറ്റേജ് മാർക്ക് ലഭിക്കാൻ അവർ യോഗ്യരാണെന്നും അതിനാൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി വിജയകരമായി പൂർത്തീകരിക്കുന്ന കേഡറ്റുകൾക്ക് പി.എസ്.സി മുഖേന നടത്തുന്ന യൂണിഫോം സർവീസുകളായ പോലീസ്, ഫോറസ്റ്റ്, എക്സൈസ്, ജയിൽ, ഫയർ & റസ്ക്യൂ, മോട്ടോർ വെഹിക്കിൾ എന്നിവിടങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റുകളിൽ വെയിറ്റേജ് മാർക്ക് നൽകണമെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശം(3) പ്രകാരം സർക്കാരിൽ

ശിപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. SSLC / Plus Two തലങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പരിശീലനം നേടിയവർക്ക് പി.എസ്.സി നടത്തുന്ന യൂണിഫോം സർവിസുകളിലെ എഴുത്ത് പരീക്ഷയിൽ അഞ്ച് ശതമാനം (5%) ഗ്രേസ് മാർക്ക് അനുവദിക്കുന്നതിനുള്ള സർക്കാർ നിർദേശങ്ങളിന്മേൽ പി.എസ്.സി-യുടെ ഉപദേശം തേടുകയും പരാമർശം(4) പ്രകാരം കമ്മീഷൻ ഉപദേശം നൽകുകയും ചെയ്തിരുന്നു.

3. മേൽ വിവരിച്ച സാഹചര്യത്തിൽ, പരാമർശം(4) പ്രകാരം പി.എസ്.സി നൽകിയ ഉപദേശം കൂടി പരിഗണിച്ച്, നിലവിൽ NCC സർട്ടിഫിക്കറ്റുകൾക്ക് വെയിറ്റേജ് മാർക്ക് അനുവദിച്ചുവരുന്ന യൂണിഫോംഡ് ഫോഴ്സ് തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് ചുവടെ പറയുന്ന രീതിയിൽ വെയിറ്റേജ് മാർക്ക് അനുവദിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

SSLC / Plus Two തലങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പരിശീലനം നേടിയവർക്ക് നൽകേണ്ട വെയിറ്റേജ് മാർക്ക്

| | |
|---|---|
| ഹൈസ്കൂൾ, ഹയർസെക്കണ്ടറി തലങ്ങളിലായി നാല് വർഷം ട്രെയിനിംഗ് പൂർത്തിയാക്കുകയും എ+ ഗ്രേഡ് കരസ്ഥമാക്കുന്നവരുമായ കേഡറ്റുകൾ | 5% വെയിറ്റേജ് |
| ഹൈസ്കൂൾ, ഹയർസെക്കണ്ടറി തലങ്ങളിലായി നാല് വർഷം ട്രെയിനിംഗ് പൂർത്തിയാക്കുന്ന, ഹൈസ്കൂൾ തലത്തിൽ എ+ ഗ്രേഡും ഹയർസെക്കണ്ടറി തലത്തിൽ എ ഗ്രേഡും കരസ്ഥമാക്കുന്നവരും, ഹൈസ്കൂൾ തലത്തിൽ എ ഗ്രേഡും ഹയർസെക്കണ്ടറി തലത്തിൽ എ+ ഗ്രേഡും കരസ്ഥമാക്കുന്നവരും ഹൈസ്കൂൾ തലത്തിലും ഹയർസെക്കണ്ടറി തലത്തിലും എ ഗ്രേഡ് കരസ്ഥമാക്കുന്നവരുമായ കേഡറ്റുകൾ | 4% വെയിറ്റേജ് |
| ഹൈസ്കൂൾ തലത്തിലോ അല്ലെങ്കിൽ ഹയർസെക്കണ്ടറി തലത്തിലോ രണ്ടു വർഷം ട്രെയിനിംഗ് പൂർത്തിയാക്കുകയും എ+ ഗ്രേഡ് കരസ്ഥമാക്കുകയും ചെയ്യുന്ന കേഡറ്റുകൾ | 3% വെയിറ്റേജ് |
| ഹൈസ്കൂൾ തലത്തിലോ അല്ലെങ്കിൽ ഹയർസെക്കണ്ടറി തലത്തിലോ രണ്ടു വർഷം ട്രെയിനിംഗ് പൂർത്തിയാക്കുകയും എ ഗ്രേഡ് കരസ്ഥമാക്കുകയും ചെയ്യുന്ന കേഡറ്റുകൾ | 2% വെയിറ്റേജ് |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പുനീത് കുമാർ ഐ എ എസ

അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ വകുപ്പുതലവൻമാർക്കും ഓഫീസുകൾക്കും.
സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
പൊതുഭരണ (എസ് സി) വകുപ്പ് (ഇനം നം.2740 തീയതി 27.02.2025).
വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്).
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Dileep D
Date: 01-03-2025 19:17:46
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# 103. മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 27-02-2025

ഫയൽ നം. ആഭ്യന്തരം-ഡി2/272/2022/ആഭ്യന്തരം. ഇനം നം: 2740

വിഷയം : ആഭ്യന്തര വകുപ്പ്- സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി വിജയകരമായി പൂർത്തീകരിക്കുന്ന വിദ്യാർത്ഥികൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയുള്ള യൂണിഫോം സർവ്വീസുകളിലെ നിയമനത്തിന് വെയിറ്റേജ് നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി വ്യാപിപ്പിക്കുന്നത് സംബന്ധിച്ച് ആഭ്യന്തര വകുപ്പ് പരിശോധിക്കേണ്ടതാണ്.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

OFFICE OF THE ADDITIONAL CHIEF SECRETARY, HOME & VIGILANCE DEPARTMENT

2740

**കേരള സർക്കാർ**
**ശ്രീ.പിണറായി വിജയൻ മന്ത്രിസഭ**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ആഭ്യന്തരം-ഡി2/272/2022-/ആഭ്യന്തരം |
| 2 | വകുപ്പ് | : | ആഭ്യന്തര (ഡി) വകുപ്പ് |
| 3 | വിഷയം | : | സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി വിജയകരമായി പൂർത്തീകരിക്കുന്ന വിദ്യാർത്ഥികൾക്ക് കേരള പബ്ലിക് സർവീസ് കമ്മീഷൻ വഴിയുള്ള യൂണിഫോം സർവീസുകളിലെ നിയമനത്തിന് വെയിറ്റേജ് നൽകുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 28/01/2025 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ; | : | ഇല്ല |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ് |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ശ്രീമതി മഞ്ജു എം |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 03.02.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി ശാരദാ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 15.02.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 20.02.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 21.02.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കറിപ്പ്

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി വിജയകരമായി പൂർത്തീകരിക്കുന്ന വിദ്യാർത്ഥികൾക്ക് കേരള പബ്ലിക് സർവീസ് കമ്മീഷൻ വഴിയുള്ള യൂണിഫോം സർവീസുകളിലെ നിയമനത്തിന് വെയിറ്റേജ് നൽകുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുമായി ബന്ധപ്പെട്ട 06.08.2019 -ന് ബഹു: മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി വിജയകരമായി പൂർത്തീകരിക്കുന്ന കേഡറ്റുകൾക്ക് പി എസ്. സി. മുഖേന നടത്തുന്ന യൂണിഫോം സർവീസുകളായ ഫോറസ്റ്റ്, എക്സൈസ്, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് മുതലായവയിലേക്കുള്ള റിക്രൂട്ട്മെന്റിന് വെയിറ്റേജ് നൽകുന്നതിന്റെ സാധ്യത പരിശോധിക്കുവാൻ സംസ്ഥാന പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിരുന്നു. തുടർന്ന് സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് നൽകിയ രണ്ട് വർഷത്തെ പരിശീലനവും സമൂഹത്തിന് അവർ നൽകിയ മാതൃകാപരമായ സേവനങ്ങളും കണക്കിലെടുക്കുമ്പോൾ, യൂണിഫോം സർവീസുകളിലേക്കുള്ള റിക്രൂട്ട്മെന്റുകളിൽ വെയിറ്റേജ് മാർക്ക് ലഭിക്കാൻ അവർ യോഗ്യരാണെന്നും അതിനാൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി വിജയകരമായി പൂർത്തീകരിക്കുന്ന കേഡറ്റുകൾക്ക് പി എസ് സി മുഖേന നടത്തുന്ന യൂണിഫോം സർവീസുകളായ പോലീസ്, ഫോറസ്റ്റ്, എക്സൈസ്, ജയിൽ, ഫയർ & റെസ്ക്യൂ, മോട്ടോർ വെഹിക്കിൾ എന്നിവിടങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റുകളിൽ വെയിറ്റേജ് മാർക്ക് നല്കണമെന്നും സംസ്ഥാന പോലീസ് മേധാവി അപേക്ഷിച്ചിരുന്നു.

3. ഇക്കാര്യത്തിൽ മുൻപ് 04.03.2014 ലെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"പരിശീലനം വിജയകരമായി പൂർത്തീകരിച്ച സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് സംസ്ഥാനത്തെ യൂണിഫോം സർവീസുകളിലെ നിയമനത്തിന് weightage നൽകുന്നതിന് 10.12.2013 ൽ ചേർന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഉന്നതതല യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഉചിതതലത്തിൽ തീരുമാനമെടുത്ത് KPSC യുടെ ഉപദേശം തേടിയശേഷം മന്ത്രിസഭാ മുൻപാകെ സമർപ്പിച്ച് തീരുമാനമെടുക്കാവുന്നതാണ്. Excise വകുപ്പിൽ Excise Guard തസ്തികയിലെ നിയമനത്തിന് സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് 2% വെയിറ്റേജ് നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെന്ന് എക്സൈസ് വകുപ്പ് അറിയിച്ചിട്ടുണ്ട്. വകുപ്പുകളിലെ യൂണിഫോം തസ്തികകളിൽ ഏകീകൃത വെയിറ്റേജ് നൽകുന്നതായിരിക്കും ഉചിതമെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു. മാത്രമല്ല, തീരുമാനമെടുത്തശേഷം ഉദ്യോഗസ്ഥ

ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിൽ നിന്ന് ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും ഉചിതം".

4. തുടർന്ന് ഇക്കാര്യത്തിൽ 14.10.15 -ൽ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഉപദേശം തേടുകയും സ്റ്റുഡൻറ് പോലീസ് കേഡറ്റുകൾക്ക് 2% Weightage നൽകുന്നതിനുള്ള നിർദേശം തത്വത്തിൽ അംഗീകരിച്ചതായി PSC അറിയിക്കുകയും കൂടാതെ ചില കാര്യങ്ങളിൽ വ്യക്തമായ വിവരങ്ങൾ ആവശ്യപ്പെടുകയും ചെയ്തു. അതിന് 01.04.2016 ലെ കത്ത് പ്രകാരം സംസ്ഥാന പോലീസ് മേധാവി മറുപടി ലഭ്യമാക്കിയിട്ടുള്ളതുമാണ്. പ്രസ്തുത കത്ത് പ്രകാരമുള്ള, SSLC / Plus Two തലങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പരിശീലനം നേടിയവർക്ക് പി.എസ്.സി നടത്തുന്ന യൂണിഫോം സർവീസുകളിലെ എഴുത്ത് പരീക്ഷയിൽ അഞ്ച് ശതമാനം (5%) ഗ്രേസ് മാർക്ക് അനുവദിക്കാവുന്നതാണെന്ന സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശ ബഹു.മുഖ്യമന്ത്രി അംഗീകരിക്കുകയും ചെയ്തിരുന്നു. നിലവിൽ 5% വെയിറ്റേജ് നൽകുന്നതിൽ കൂടുതൽ പരിശോധന ആവശ്യമാണെന്നുമുള്ള മറുപടി കേരള പബ്ലിക് സർവീസ് കമ്മീഷന് നൽകാവുന്നതാണോ എന്നതിൽ ഉത്തരവിനായി ഫയൽ ചീഫ് സെക്രട്ടറി മുഖേന ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ ചുവടെ പറയും പ്രകാരം ഉത്തരവായി.

"സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് സംവിധാനം 8-ാം ക്ലാസ്സിലാണ് ആരംഭിക്കുന്നത്. ഹൈസ്കൂളിൽ അത് 9-ാം ക്ലാസ്സിൽ അവസാനിക്കും. 10-ാം ക്ലാസ്സിൽ SPC ഇല്ല. 11-ാം. 12-ാം SPC ഉണ്ട്. യോഗതീരുമാനമനുസരിച്ച് ഹൈസ്കൂൾ മാത്രമുള്ള ഒരു സ്കൂളിൽ പഠിച്ചിറങ്ങുന്ന വിദ്യാർത്ഥിക്ക് ഒരിക്കലും ഗ്രേസ് മാർക്ക് ലഭിക്കില്ല. തുടർന്ന്, അഡ്മിഷൻ ലഭിക്കുന്ന ഹയർസെക്കണ്ടറി സ്കൂളിൽ SPC ഉണ്ടാകണമെന്നില്ല. അങ്ങനെ വരുമ്പോൾ നാലുവർഷമായി നിശ്ചയിച്ചാൽ ഗ്രേസ് മാർക്കിന്റെ ആനുകൂല്യം SPC അംഗമായ കുട്ടികൾക്ക് ലഭിക്കാതെ വരും. യൂണിഫോം സേനയിലേക്ക് കൂടുതൽ പേരെ ആകർഷിക്കുന്നതിനുള്ള ഒരു പദ്ധതി എന്ന നിലയിൽ ഇതിനകം ദേശീയ അംഗീകാരം ലഭിച്ച ഈ പദ്ധതിക്ക് വെയിറ്റേജ് /ഗ്രേസ് മാർക്ക് അനുവദിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു എന്ന ഉറപ്പ് നിയമസഭയിൽ നൽകിയിട്ടുള്ളതാണ്.

ചീഫ് സെക്രട്ടറി ഇക്കാര്യങ്ങൾ പരിശോധിക്കുക."

5. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു ബഹു മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി നടത്തുന്ന എല്ലാ യൂണിഫോം സർവ്വീസുകളിലേക്കുമുള്ള എഴുത്തുപരീക്ഷകളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾക്ക് ചുവടെപ്പറയുന്ന രീതിയിൽ ഗ്രേസ് മാർക്ക് അനുവദിക്കുന്ന കാര്യം പരിശോധിക്കുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് നിർദ്ദേശം നൽകുകയും ചെയ്തു.

| | |
|---|---|
| ഹൈസ്കൂൾ ഹയർസെക്കണ്ടറി തലങ്ങളിലായി തുടർച്ചയായി നാലു വർഷം ട്രെയിനിംഗ് പൂർത്തിയാക്കുകകയും എ+ ഗ്രേഡ് കരസ്ഥമാക്കുന്ന കേഡറ്റുകൾ | 5% |
| ഹൈസ്കൂൾ ഹയർസെക്കണ്ടറി തലങ്ങളിലായി നാലു വർഷം തുടർച്ചയായി ട്രെയിനിംഗ് പൂർത്തിയാക്കുന്ന എ+/എ ഗ്രേഡുകൾ കരസ്ഥമാക്കുന്നവരും നാലുവർഷം തുടർച്ചയായി എ ഗ്രേഡ് കരസ്ഥമാക്കുന്നവരുമായ കേഡറ്റുകൾ | 4% |
| ഹൈസ്കൂൾ ഹയർസെക്കണ്ടറി തലങ്ങളിലായി രണ്ടു വർഷം തുടർച്ചയായി ട്രെയിനിംഗ് പൂർത്തിയാക്കുകകയും എ+ ഗ്രേഡ് കരസ്ഥമാക്കുകയും ചെയ്യുന്ന കേഡറ്റുകൾ | 3% |
| ഹൈസ്കൂൾ ഹയർസെക്കണ്ടറി തലങ്ങളിലായി രണ്ടു വർഷം തുടർച്ചയായി ട്രെയിനിംഗ് പൂർത്തിയാക്കുകകയും എ ഗ്രേഡ് കരസ്ഥമാക്കുകയും ചെയ്യുന്ന കേഡറ്റുകൾ | 2% |

6. സർക്കാർ ആവശ്യപ്പെട്ടതിൻ പ്രകാരം, പി.എസ്.സി മുഖേന നടത്തുന്ന, നിലവിൽ NCC സർട്ടിഫിക്കറ്റുകൾക്ക് വെയിറ്റേജ് മാർക്ക് അനുവദിച്ചുവരുന്ന യൂണിഫോംഡ് ഫോഴ്സ് തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് ചുവടെ പറയുന്ന രീതിയിൽ വെയിറ്റേജ് മാർക്ക് അനുവദിക്കേണ്ടതാണ് എന്ന ഭേദഗതിയോടെ, സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് വെയിറ്റേജ് മാർക്ക് അനുവദിക്കുന്നതിനുള്ള സർക്കാർ നിർദ്ദേശം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗീകരിച്ചു.

SSLC/Plus Two തലങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പരിശീലനം നേടിയവർക്ക് നൽകേണ്ട വെയിറ്റേജ് മാർക്ക്

| | |
|---|---|
| ഹൈസ്കൂൾ, ഹയർസെക്കണ്ടറി തലങ്ങളിലായി നാല് വർഷം ട്രെയിനിംഗ് പൂർത്തിയാക്കുകയും എ+ ഗ്രേഡ് കരസ്ഥമാക്കുന്നവരുമായ കേഡറ്റുകൾ. | 5% വെയിറ്റേജ് |
| ഹൈസ്കൂൾ, ഹയർസെക്കണ്ടറി തലങ്ങളിലായി നാലു വർഷം ട്രൈയിനിംഗ് പൂർത്തിയാക്കുന്ന, ഹൈസ്കൂൾ തലത്തിൽ എ + ഗ്രേഡും ഹയർ സെക്കണ്ടറി തലത്തിൽ എ ഗ്രേഡും കരസ്ഥമാക്കുന്നവരും, ഹൈസ്കൂൾ തലത്തിൽ എ ഗ്രേഡും ഹയർ സെക്കണ്ടറി തലത്തിൽ എ + ഗ്രേഡും കരസ്ഥമാക്കുന്നവരും ഹൈസ്കൂൾ തലത്തിലും ഹയർ സെക്കണ്ടറി തലത്തിലും എ ഗ്രേഡ് കരസ്ഥമാക്കുന്നവരുമായ | 4% വെയിറ്റേജ് |

| | |
|---|---|
| കേഡറ്റുകൾ. | |
| ഹൈസ്കൂൾ തലത്തിലോ അല്ലെങ്കിൽ ഹയർസെക്കണ്ടറി തലത്തിലോ രണ്ടു വർഷം ട്രെയിനിംഗ് പൂർത്തിയാക്കുകയും എ + ഗ്രേഡ് കരസ്ഥമാക്കുകയും ചെയ്യുന്ന കേഡറ്റുകൾ. | 3% വെയിറ്റേജ് |
| ഹൈസ്കൂൾ തലത്തിലോ അല്ലെങ്കിൽ ഹയർസെക്കണ്ടറി തലത്തിലോ രണ്ടു വർഷം ട്രെയിനിംഗ് പൂർത്തിയാക്കുകയും എ ഗ്രേഡ് കരസ്ഥമാക്കുകയും ചെയ്യുന്ന കേഡറ്റുകൾ. | 2% വെയിറ്റേജ് |

7. പരിശീലനം വിജയകരമായി പൂർത്തീകരിച്ച സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് സംസ്ഥാനത്തെ യൂണിഫോം സർവീസുകളിലെ നിയമനത്തിന് weightage നൽകുന്നത് സംബന്ധിച്ച വിഷയത്തിൽ ഉചിതതലത്തിൽ തീരുമാനമെടുത്ത് KPSC യുടെ ഉപദേശം തേടിയശേഷം മന്ത്രിസഭാ മുൻപാകെ സമർപ്പിച്ച് തീരുമാനമെടുക്കാവുന്നതാണെന്ന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) അഭിപ്രായം രേഖപെടുത്തിയിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ കേരള പി.എസ്.സി. സമർപ്പിച്ച ഉപദേശ പ്രകാരം സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി വിജയകരമായി പൂർത്തീകരിക്കുന്ന വിദ്യാർത്ഥികൾക്ക് കേരള പബ്ലിക് സർവീസ് കമ്മീഷൻ വഴിയുള്ള യൂണിഫോം സർവീസുകൾക്ക് വെയിറ്റേജ് നൽകുന്നത് സംബന്ധിച്ച് ഉത്തരവാകുന്നതിനായി ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ "മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുക" എന്ന് ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട സംഗതി</u>**

കേരള പി.എസ്.സി. സമർപ്പിച്ച ഉപദേശ പ്രകാരം, എസ് എസ് എൽ സി/ പ്ലസ് ടു തലങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പരിശീലനം വിജയകരമായി പൂർത്തീകരിക്കുന്ന വിദ്യാർത്ഥികൾക്ക് കേരള പബ്ലിക് സർവീസ് കമ്മീഷൻ വഴിയുള്ള യൂണിഫോം സർവീസുകളിലെ നിയമനത്തിന് ഖണ്ഡിക (6) ൽ പരാമർശിച്ച പ്രകാരമുള്ള വെയിറ്റേജ് അനുവദിക്കാവുന്നതാണോ?